# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 നവംബർ 5

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ ബിരുദപ്രവേശനം; സപ്ലിമെന്ററി അലോട്ട്മെന്റിനുള്ള ഓപ്ഷൻ രജിസ്ട്രേഷൻ ഇന്നുമുതൽ (നവംബർ 6)

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദപ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്നുമുതൽ (നവംബർ 6) നവംബർ ഒൻപതുവരെ ഓൺലൈനായി ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ നൽകാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർക്കടക്കം എല്ലാ അപേക്ഷകർക്കും സപ്ലിമെന്ററി അലോട്ട്മെന്റിന് ഓപ്ഷൻ നൽകാം. ഓൺലൈൻ അപേക്ഷയിൽ തെറ്റുവരുത്തിയതുമൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേക ഫീസ് അടയ്ക്കാതെതന്നെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് പുതുതായി ഓപ്ഷൻ നൽകാം. പുതിയ ആപ്ലിക്കേഷൻ നമ്പർ സൂക്ഷിച്ചുവയ്ക്കണം. നേരത്തെ നൽകിയ അപേക്ഷയിൽ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ തിരുത്താം. പുതുതായി ഓപ്ഷൻ നൽകാം. മറ്റുള്ളവർക്ക് ഫീസടച്ച് സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കാം. സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷൻ നൽകണം. ഓപ്ഷൻ നൽകിയശേഷം സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണം. അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിൽ നൽകേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിവരം വെബ്സൈറ്റിൽ ലഭിക്കും. സപ്ലിമെന്ററി അലോട്ട്മെന്റ് നവംബർ 13ന് പ്രസിദ്ധീകരിക്കും. മുൻ അലോട്ട് മെന്റുകളിലും മാനേജ്മെന്റ്/കമ്മ്യൂണിറ്റി മെറിറ്റ്, സ്പോർട്സ്, കൾച്ചറൽ, പി.ഡി. ക്വാട്ടകളിലേക്ക് സ്ഥിരപ്രവേശനം നേടിയവർ സപ്ലിമെന്ററി അലോട്ട്മെന്റിലൂടെ ഓപ്ഷൻ നൽകി അലോട്ട്മെന്റ് ലഭിച്ചാൽ പുതിയ അലോട്ട്മെന്റിലേക്ക് നിർബന്ധമായും മാറണം. മുൻ പ്രവേശനം റദ്ദാക്കപ്പെടും. അതിനാൽ സ്ഥിരപ്രവേശനം ലഭിച്ചവർ പ്രത്യേക അലോട്ട്മെന്റിൽ പങ്കെടുക്കുമ്പോൾ ഓപ്ഷൻ നൽകുന്നതിൽ അതീവ ശ്രദ്ധ പുലർത്തണം.

(പി.ആർ.ഒ/39/1099/2020)

## ഭിന്നശേഷിക്കാർക്കായി പ്രത്യേക അലോട്ട്മെന്റ്

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ ബിരുദപ്രവേശനത്തിന് ഭിന്നശേഷിക്കാർക്ക് സംവരണം ചെയ്ത സീറ്റുകളിലേക്ക് പ്രത്യേക അലോട്ട്മെന്റ് നടത്തും. ഇന്നുമുതൽ (നവംബർ 6) ഒൻപതുവരെ അപേക്ഷിക്കാം. നിലവിൽ അപേക്ഷ നൽകിയവർ വെബ്സൈറ്റിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ലോഗിൻ ചെയ്ത് പുതുതായി ഓപ്ഷൻ നൽകണം. അപേക്ഷ നൽകാത്തവർക്കും പുതുതായി അപേക്ഷിച്ച് ഓപ്ഷൻ നൽകാം.

(പി.ആർ.ഒ/39/1100/2020)

## ബിരുദപ്രവേശനം; എസ്.സി./എസ്.ടി. പ്രത്യേക അലോട്ട്മെന്റ്

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റിന് ഇന്നുമുതൽ (നവംബർ 6) നവംബർ എട്ടുവരെ ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം. ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തവർക്കും പ്രവേശനം ലഭിക്കാത്തവർക്കും പ്രവേശനം ലഭിച്ചശേഷം റദ്ദാക്കപ്പെട്ടവർക്കും നിശ്ചിതസമയത്ത് പ്രവേശനമെടുക്കാൻ സാധിക്കാത്തവർക്കുമായാണ് പ്രത്യേക അലോട്ട്മെന്റ് നടത്തുക. ഇതിനായി ഓൺലൈനായി രജിസ്ട്രേഷൻ നടത്തുകയോ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുകയോ ചെയ്യണം. സ്ഥിരപ്രവേശനമെടുത്തവർ ഒന്നാം എസ്.സി./എസ്.ടി. പ്രത്യേക അലോട്ട്മെന്റിന് അപേക്ഷിച്ച് അലോട്ട്മെന്റ് ലഭിച്ചാൽ പുതിയ അലോട്ട്മെന്റിലേക്ക് നിർബന്ധമായും പ്രവേശനം നേടണം. മുൻ പ്രവേശനം റദ്ദാക്കപ്പെടും.

(പി.ആർ.ഒ/39/1101/2020)

## വൈവാവോസി

2020 സെപ്റ്റംബറിൽ നടന്ന പത്താം സെമസ്റ്റർ ബി.ആർക് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ തീസിസ് മൂല്യനിർണയവും വൈവാവോസിയും നവംബർ 10, 11, 12 തീയതികളിൽ ഓൺലൈനായി നടക്കും. വിശദവിവരം അതത് കോളേജ് ഓഫീസിൽ ലഭിക്കും.

(പി.ആർ.ഒ/39/1102/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിൽ യു.ജി.സി. - എൻ.എസ്.ക്യു.എഫിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ബേക്കറി ആന്റ് കൺഫെക്ഷനറി (ഒരു വർഷം), സർട്ടിഫിക്കറ്റ് ഇൻ ഡിജിറ്റൽ മാർക്കറ്റിംഗ് (ആറ് മാസം), പി.ജി. ഡിപ്ലോമ ഇൻ ഡേറ്റ ആന്റ് ബിസിനസ് അനലിറ്റിക്സ് (ഒരു വർഷം) എന്നീ പ്രോഗ്രാമുകളിൽ ഏതാനും സീറ്റൊഴിവുണ്ട്. നവംബർ 15 വരെ www.dasp.mgu.ac.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കാം. വിശദവിവരത്തിന് ഫോൺ: 0481-2731066.

(പി.ആർ.ഒ/39/1103/2020)

## സിലബസ്

ബി.എ., ബി.എസ് സി., ബി.കോം. മോഡൽ 1 റഗുലർ സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷകളുടെ പാർട്ട് 1 ഇംഗ്ലീഷ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർഥികൾക്ക് 2007ലെ സിലബസ് ബാധകമാക്കി ഉത്തരവായി. 2009 അഡ്മിഷന് മുമ്പുള്ള പ്രൈവറ്റ് വിദ്യാർഥികൾക്കും ഇതേ സിലബസ് ബാധകമാണ്.

(പി.ആർ.ഒ/39/1104/2020)

## മഹാത്മാഗാന്ധി സർവകലാശാലയിൽ 24 അധ്യാപക ഒഴിവ്; അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിവിധ വിഷയങ്ങളിലായി അസിസ്റ്റന്റ് പ്രൊഫസർ -12, അസോസിയേറ്റ് പ്രൊഫസർ-അഞ്ച്, പ്രൊഫസർ -ഏഴ് എന്നിങ്ങനെയാണ് ഒഴിവ്. യോഗ്യതയും പ്രായവും: 2018 ലെ യു.ജി.സി. ചട്ടങ്ങൾ പ്രകാരം. നവംബർ 15 മുതൽ ഡിസംബർ 14 വരെ www.mgu.ac.in എന്ന വെബ്സൈറ്റിലെ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിച്ച ശേഷം രേഖകൾ സഹിതം അപേക്ഷയുടെ രണ്ട് പകർപ്പ് ഡെപ്യൂട്ടി രജിസ്ട്രാർ -2 (ഭരണവിഭാഗം) മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, പിൻ: 686560 എന്ന വിലാസത്തിൽ ഡിസംബർ 24നകം നൽകണം.

ഓൺലൈനായി രേഖകൾ അപ്ലോഡ് ചെയ്യേണ്ടതില്ല. യോഗ്യത, പ്രവൃത്തിപരിചയം പ്രായം, കമ്മ്യൂണിറ്റി, സംവരണം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും രേഖകളുടെയും സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതമാണ് അപേക്ഷ നൽകേണ്ടത്. സർവകലാശാല/സർക്കാർ-സ്വകാര്യ കോളജുകളിൽ ജോലി ചെയ്യുന്ന അധ്യാപകർ തൊഴിൽദാതാവിൽനിന്ന് നിരാക്ഷേപ പത്രം(എൻ.ഒ.സി.) അപേക്ഷയ്ക്കൊപ്പം നൽകണം. കേരളത്തിനു പുറത്തുള്ള

സർവകലാശാലകളിൽ/സ്ഥാപനങ്ങളിൽനിന്ന് യോഗ്യത നേടിയവർ മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നുള്ള ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകണം.

അസിസ്റ്റന്റ് പ്രൊഫസർക്ക് 2000 രൂപയും(എസ്.സി./എസ്.ടി 1000 രൂപ) അസോസിയേറ്റ് പ്രൊഫസർക്ക് 5000 രൂപയും (എസ്.സി./എസ്.ടി 2500 രൂപ) പ്രൊഫസർക്ക് 7500 രൂപയുമാണ്(എസ്.സി./എസ്.ടി 3750 രൂപ) രജിസ്ട്രേഷൻ ഫീസ്. വിശദവിവരവും വിജ്ഞാപനവും സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1105/2020)

## പരീക്ഷഫലം

2019 ഓഗസ്റ്റിൽ നടന്ന മൂന്നാം സെമസ്റ്റർ, അഞ്ചാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.ടി.എസ്., ബി.എഫ്.ടി., ബി.എസ്.ഡബ്ല്യൂ., ബി.പി.ഇ. (സി.ബി.സി.എസ്.എസ്. മോഡൽ 3 - സപ്ലിമെന്ററി/മേഴ്സി ചാൻസ് - 2013ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1106/2020)

2019 ഓഗസ്റ്റിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം (മോഡൽ 1, 2, 3 - 2009-12 അഡ്മിഷൻ) മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1107/2020)

## പ്രാഥമിക വോട്ടർ പട്ടിക നവംബർ ഏഴിന് പ്രസിദ്ധീകരിക്കും

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിൽ സർവകലാശാല അധ്യാപകരുടെ മണ്ഡലത്തിലെ ഒരംഗത്തിന്റെ ഒഴിവ് നികത്തുന്നതിന് മുന്നോടിയായി തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തെരഞ്ഞെടുപ്പിനുള്ള പ്രാഥമിക വോട്ടർ പട്ടിക നവംബർ 7ന് ഓഫീസിലും സർവകലാശാല വെബ്സൈറ്റിലും പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ/39/1108/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ